# ALL KERALA COMMON MODEL EXAMINATION 2023-24
## MALAYALAM (Code 012)

Class 10 | Time 3 Hrs | Mark: 80

---

The Question paper is divided into two sections:

Section A: Reading comprehension (V.S.A.Q)
Vocabulary building & Prose and Poetry (M.C.Q) :40 Marks

Section B : Grammar, Composition
Literature ( Prose Poetry and Supplementary) :40 marks

---

## Section A

**1. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** (1×8=8)

പതിനാല് പതിനേഴ് നൂറ്റാണ്ടുകളിൽ , അതായതു മദ്ധ്യഭാരത ചരിത്ര കാലഘട്ടത്തിൽ വടക്കേ ഇന്ത്യയിൽ പടർന്നു പിടിച്ച ഭക്തിസങ്കൽപ്പത്തിൻറെ ഭാഗമായി ശ്രീരാമ ഭക്തി പ്രചരിക്കുകയുണ്ടായി. ഡൽഹി സുൽത്താന്മാരുടേയും മുഗൾ സാമ്രാജ്യത്തിന്റെയും കാലഘട്ടത്തിൽ ഇസ്ലാംമത സങ്കൽപ്പത്തിന് സമാന്തരമായ ഒരു ഹൈന്ദവ ഭക്തിപ്രസ്ഥാനം ഇവിടെ ഉയർന്നുവന്നുവെന്നുള്ളത് ആശ്ചര്യകരമായ ഒരു സത്യമായിരുന്നു. അല്ലാഹുവിന്റെ രാജ്യവും രാമരാജ്യവും ഒന്നുപോലെ കാണപ്പെട്ടു. ഈ സങ്കല്പ്പത്തിനെ അതിന്റെ പരമോന്നതിയിലേക്ക് നയിച്ചത് കബിർദാസിന്റെ ശ്രീരാമദർശനങ്ങളും തുളസിദാസിന്റെ രാമചരിതമാനസവും ആയിരുന്നു. കൂടാതെ കൃഷ്ണഭക്തയായ മീരാബായിയുടെ ശ്രീകൃഷ്ണഭക്തി കൃതികളും ഇതിലേക്ക് വഴി തെളിച്ചു. മീരയുടെ കൃഷ്ണ ഭക്തി ദർശനങ്ങൾ മഹാനായ അക്ബർ ചക്രവർത്തിയെ സ്വാധീനിച്ചിരുന്നു. കേരളത്തിലും ഏതാണ്ട് ഈ സമയത്തുതന്നെയാണ് ഭക്തിപ്രസ്ഥാന വുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രൂപപ്പെട്ടത്. കേരളത്തിൽ പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ജീവിച്ചിരുന്ന വില്വമംഗലം സ്വാമിയാരുടെ ശ്രീ കൃഷ്ണാമൃതമാണ് ആദ്യത്തെ ഭക്തകൃതി. ഭഗവാന്റെ ലീലകൾ അവതരിപ്പിക്കുന്ന ഈ കൃതി സംസ്കൃതത്തിലായിരുന്നു. ബ്രാഹ്മണ മേധാവിത്വവും അതിൽനിന്ന് ഉരുത്തിതിരിഞ്ഞ ചാതുർ വർണ്ണ്യ വ്യവസ്ഥയും ഇവിടെ സമൂഹത്തിൽ നാല് ജാതികൾ സൃഷ്ടിച്ചു, കൂടാതെ അധികാരത്തിനു വേണ്ടി നാടു വാഴികൾ തമ്മിലുള്ള മത്സരങ്ങളും രാജാക്കന്മാരുടെ ദുർബലതയും പതിനഞ്ച് പതിനേഴ് നൂറ്റാണ്ടുകളിൽ ഇവിടെ ഒരു സാമ്പത്തിക - ധാർമ്മിക തകർച്ചയ്ക്ക് വഴിയൊരുക്കി ഡോ കെ..എൻ ഗണേഷ് അഭിപ്രായപ്പെട്ടപോലെ വർണ്ണാശ്രമധർമത്തിന് പുറത്ത് ദൈവത്തിന്റെ മുമ്പിലുള്ള ഒരു സമ്പൂർണമായ സങ്കല്പ്പമായിട്ടാണ് ഇവിടെ ഭക്തി പ്രസ്ഥാനം ഉടലെടുത്തത് . നാടുവാഴികളുടെയും രാജാക്കന്മാരുടേയും കീഴിൽ ഞെരിഞ്ഞമർന്ന ഒരു അധമ ജനവിഭാഗത്തെയാണ് കേരളത്തിൽ ഭക്തി പ്രസ്ഥാനം വളരെ ആകർഷിച്ചതും ഉൾക്കൊണ്ടതും. ജ്ഞാന മാർ

ഗ്ഗമോ യോഗമാർഗ്ഗമോ കർമ്മയോഗമോ ഒന്നും തന്നെ അവലംബിക്കാതെ കേവലം ഈശ്വരഭക്തി കൊണ്ടുമാത്രം ഈശ്വര സാക്ഷാൽക്കാരം നേടാമെന്നതായിരുന്നു ഭക്തിമാർഗ്ഗ സിദ്ധാന്തങ്ങൾ അനുശാസിച്ചിരുന്നത്. അവശജനവിഭാഗത്തിന് ഇതൊരു ഉന്മേഷം പകർന്ന സന്ദേശമായിരുന്നു.

**ചോദ്യങ്ങൾ**

(a) രാമചരിതമാനസം ആരുടെ കൃതിയാണ്?

(b) മദ്ധ്യഭാരത ചരിത്ര കാലഘട്ടം എന്ന് പറയുന്നത് ഏതു നൂറ്റാണ്ടുകളെയാണ്?

(c) മഹാനായ അക്ബർ ചക്രവർത്തിയെ സ്വാധീനിച്ചിരുന്നത് ആരുടെ ദർശനങ്ങൾ ആയിരുന്നു?

(d) കേരളത്തിൽ ഉണ്ടായ ആദ്യത്തെ ഭക്തകൃതി രചിച്ചതാരാണ്?

(e) ശ്രീകൃഷ്ണാമൃതം എന്ന കൃതിയുടെ പ്രതിപാദ്യം എന്തായിരുന്നു?

(f) 15 - 17 നൂറ്റാണ്ടുകളിൽ കേരളത്തിൽ സാമ്പത്തിക ധാർമിക തകർച്ചയ്ക്ക് വഴിയൊരുക്കിയത് എന്ത്,?

(g) കേരളത്തിൽ ഭക്തിപ്രസ്ഥാനം വളരെ ആകർഷിച്ചത് ഏതു വിഭാഗത്തെയാണ്?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക . (1×7=7)**

ദ്രാവിഡഭാഷാ ഗോത്രത്തിൽ ഉൾപ്പെടുന്ന ഒരു ആധുനിക ഭാഷയാണ് മലയാളം. എ. ഡി ഒൻപതാം നൂറ്റാണ്ടിലാണ് മലയാള ഭാഷ ദ്രാവിഡത്തിന്റെ ഒരു ഉപഭാഷ എന്ന നിലയിൽ പ്രത്യേക ഭാഷയായി രൂപപ്പെട്ടത് എന്നാണ് പൊതുവായ നിഗമനം. മലയാള ഭാഷയിൽ എഴുതപ്പെട്ട ആദ്യത്തെ കണ്ടെടുക്കപ്പെട്ട രേഖ, ചേര ചക്രവർത്തിയായിരുന്ന രാജശേഖരന്റെ പേരിലുള്ള വാഴപ്പള്ളി ശാസനം ആണ് . എ.ഡി. 829 ൽ ആണ് ഈ ശാസനം എഴുതപ്പെട്ടത്.അതേ നൂറ്റാണ്ടിൽ തന്നെ എഴുതപ്പെട്ട തരിസാപ്പള്ളി ശാസനം മലയാളത്തിന്റെ ആദ്യകാല സ്വഭാവം വ്യക്തമാക്കുന്ന മറ്റൊരു രേഖയാണ്. 12ം ശതകത്തിൽ ചീരാമൻ എഴുതിയ രാമചരിതം ആണ് മലയാള ഭാഷയിലെ ആദ്യത്തെ സാഹിത്യ കൃതിയായി കരുതപ്പെടു ന്നത്.കണ്ടെടുക്കപ്പെട്ടിട്ടുള്ളവയിൽ ഏറ്റവും പുരാതനമായ കൃതി ഇതാണെങ്കിലും പതിനൊന്നാം ശതകത്തിൽ തോലൻ രചിച്ചതായി വിശ്വസിക്കപ്പെടുന്ന മന്ത്രാങ്കംആട്ടപ്രകാരത്തിൽ അക്കാലത്തെ മലയാളത്തിലും തമിഴിലുമുള്ള പദ്യങ്ങൾ കാണാവുന്നതാണ്. അതിനു മുൻപ് തന്നെ തമിഴ്-മലയാളങ്ങൾ ദ്രാവിഡത്തിൽ നിന്നും വ്യത്യസ്ത ഭാഷകളായി മാറിക്കഴിഞ്ഞിരുന്നു എന്ന അഭിപ്രായം ഭാഷാപണ്ഡിതന്മാർ ക്കിടയിലുണ്ട്. പ്രധാനമായും തെക്കേ ഇന്ത്യയിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഒരു ഭാഷാ ഗോത്രമാണ് ദ്രാവിഡ ഭാഷകൾ. ദ്രാവിഡ ഭാഷാഗോത്രത്തിൽ മലയാളം, തമിഴ്, കന്നഡ ,തെലുങ്ക്, എന്നീ പ്രമുഖ സാഹിത്യഭാഷകളടക്കം ഏകദേശം 85 ഭാഷകളുണ്ട് . പ്രധാനമായും ദക്ഷിണേന്ത്യയിലും വടക്കുകിഴക്കൻ ശ്രീലങ്കയിലുമാണ് ദ്രാവിഡ ഭാഷകൾ സംസാരിയ്ക്കപ്പെടുന്നത്. എന്നാൽ പാകിസ്താൻ, നേപ്പാൾ , ബംഗ്ലാ

ദേശ്, വടക്ക്/കിഴക്കൻ ഇന്ത്യ, എന്നിവിടങ്ങളിലെ ചില പ്രദേശങ്ങളിലും , അഫ്ഗാനിസ്താൻ, ഇറാൻ എന്നീ രാജ്യങ്ങളിലെ ചില ഒറ്റപ്പെട്ട ഭാഗങ്ങളിലും ദ്രാവിഡ സംസാര ഭാഷകൾ ഉപയോഗത്തിലുണ്ട്. ഇപ്പോ ൾ 28.7 കോടി ജനങ്ങൾ വിവിധ ദ്രാവിഡ ഭാഷകൾ സംസാരിക്കുന്നു. ചില പണ്ഡിതന്മാർ ഈ ഭാഷകളെ എലാമോ-ദ്രാവിഡ ഭാഷാ കുടുംബം എന്ന വിശാല ഗോത്രത്തിൽ പെടുത്തുന്നുണ്ടെങ്കിലും ഭൂരിപക്ഷം ഭാഷാപണ്ഡിതരും ഇതിന് ആവശ്യമായ തെളിവ് ഇല്ലാത്തതായി കരുതുന്നു .

(a) മലയാളം ഏതു ഭാഷാ ഗോത്രത്തിൽ പെടുന്ന ഭാഷയാണ്?
(b) മലയാളഭാഷയിൽ എഴുതപ്പെട്ട , കണ്ടെടുക്കപ്പെട്ട ആദ്യ രേഖ ഏതാണ്?
(c) രാമചരിതം എന്ന കൃതി എഴുതിയത് ആര്?
(d) തരിസാപ്പിള്ളി ശാസനം എഴുതപ്പെട്ട വർഷം ഏത്?
(e) തോലൻ രചിച്ച പ്രസിദ്ധമായ ഒരു കൃതി ഏത്?
(f) ദ്രാവിഡ ഭാഷകൾ പ്രധാനമായി സംസാരിക്കപ്പെടുന്നത് ഏത് പ്രദേശങ്ങളിലാണ്?
(g) വാഴപ്പള്ളി ശാസനം ഏത് രാജാവിന്റെ പേരിലുള്ള രേഖയാണ്?

**3. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴ് എണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** **(1×7=7)**

**(a)** ചുവടെ കൊടുത്തിരിക്കുന്ന പദങ്ങളിൽ വള്ളി എന്നതിന്റെ പര്യായപദം അല്ലാത്തത് ഏത്?
(a) വല്ലകി(b) വിപഞ്ചിക(c) വല്ലി (d) ലത

**(b)** ഭ്രാതാവ് എന്ന പദത്തിൻറെ എതിർലിംഗം ഏത് ?
(a) ഭ്രാത്രി (b) ഭ്രാതാവി(c) ഭഗിനി (d) ഭ്രാതവിനി

**(c)** തവ എന്ന പദത്തിൻറെ ശരിയായ അർത്ഥം തെരഞ്ഞെടുക്കുക
(a) നിന്റെ (b) അവന്റെ (c) എന്റെ (d) അവരുടെ

**(d)** ക്ഷതി- ക്ഷിതി ഈ പദങ്ങളുടെ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?
(a) ഭൂമി - നാശം (b)പഴയ- പരിശുദ്ധം (c) നാശം - ഭൂമി(d) ബുദ്ധിമുട്ട് - സങ്കടം

**(e)** തടവറ എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം എന്ത്?
(a) തടവിനാൽ ഉള്ള അറ (b) തടവും അറയും (c) തടവിനുള്ള അറ (d) തടവുകാരന്റെ അറ

**(f)** രാഗം എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഇതിൽ ഏതാണ്?
(a) ചുവപ്പ് (b) ഈണം (c) വെളുപ്പ് (d) സ്നേഹം

(g) നിലത്തുവിരിച്ച ദർഭയിലിരുന്ന് മരണം വരിക്കുക എന്നതിനെ സൂചിപ്പിക്കുന്ന പദം ഇവയിൽ ഏതാണ്?
(a) നിരാഹാരം (b) മൂലോച്ഛേദം(c) ആത്മഹത്യ(d) പ്രായോപവേശം

(h) പുരുഷാവതാരം എന്ന പദത്തിൻറെ ശരിയായ പിരിച്ചെഴുത്ത് ഏത്?
(a) പുരുഷൻ + അവതാരം(b) പുരുഷ + അവതാരം (c) പുരുഷ +ആവതാരം
(d) പുരുഷൻ+ മവതാരം

(i) വികലം എന്ന പദത്തിന്റെ വിപരീത പദം എന്താണ് ?
(a) സകലം(b) അനികലം(c) അവികലം(d) കാലികം

(j) തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക
(a) ധൃഷ്ടദ്യുമ്ന്നൻ(b) ധൃഷ്ഠദ്യുമ്നൻ(c) ധൃഷ്ടദ്യുമ്നൻ(d) ധൃഷ്ടധ്യുമ്നൻ

**4. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ 9 എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുക്കുക. (2×9=18)**

(a) ഏകാന്ത ചേതസാ ചെയ്ക വേണ്ടുന്നതും
i എന്താണ് ചെയ്യേണ്ടത് ?
(a) വിദ്യ അഭ്യസിക്കുക(b) പിതാവിനെ അനുസരിക്കുക(c) ക്രോധം ത്യജിക്കുക
(d) അഹങ്കരിക്കാതിരിക്കുക
ii ആരോടാണ് ഇപ്രകാരം ചെയ്യുവാൻ പറയുന്നത് ?
(a)ലക്ഷ്മണനോട് (b)സീതയോട് (c)കവിയോട് (d) നളിനിയോട്

(b) "ധൃഷ്ടമീ വടിവിയന്നു "
i. ആരുടെ ധൃഷ്ടമാണ് വടിവിയന്നത് ?
(a) നളിനിയുടെ (b) ദിവാകരന്റെ (c) സന്യാസിനിയുടെ(d) ഭാഗ്യത്തിന്റെ

ii. നളിനി എന്ന കൃതി ഏത് വിഭാഗത്തിൽപ്പെടുന്നു?
(a) മഹാകാവ്യം (b ഖണ്ഡകാവ്യം(c) സന്ദേശകാവ്യം (d) വിലാപകാവ്യം

(c) i. പരിഷ്കാരത്തിന്റെ തിണ്ണയിൽ ഉള്ളവർ എന്തുപറഞ്ഞാണ് പുള്ളുവ പാട്ടിനെ പഴിക്കുക?
(a) കേൾക്കുവാൻ സുഖമില്ലാത്ത പാട്ട്(b) പാടാൻ അറിയാത്തവരുടെ പാട്ട്
(c) പഴഞ്ചനായ പാട്ട്(d) പല്ലു കൊഴിഞ്ഞ ഒരു പാട്ട്
ii. എവിടെയുള്ള മണിപീഠത്തിലാണ് തമ്പുരാനേ ഇരുത്തേണ്ടത്?
(a)മലയാള തറവാടിൻ അങ്കണത്തിൽ (b)നെയ്യാമ്പലുകൾ നിരന്നു നിൽക്കുന്ന പാടത്ത് (c)നിലാവ് പരന്നുകിടക്കുന്ന വഴിയരികിൽ (d)നനഞ്ഞു കിടക്കുന്ന പുൽമേട്ടിൽ

(d). " ഒഴിവു കനത്തൊരിരുളിടം "
i എവിടെയാണ് ഒഴിവു കനത്ത ഇരുണ്ട ഇടം ഉള്ളത്?
(a) അമ്പല പരിസരത്ത് (b) മാളിന്റെ തൊട്ടടുത്ത് (c) വിദ്യാലയമുറ്റത്ത് (d) ജില്ലാ ശുപത്രിയുടെ അരികത്ത്
ii. ഇരുണ്ട ഇടം തേടുന്നത് ആരാണ്?
(a) മകൻ (b) കവി (c) മരുമകൾ (d) തെരുവ്പട്ടി

(e) " കുഴഞ്ഞു മടങ്ങിയ കരവിരലോടെ "
i. ആരുടെ കരവിരലുകൾ ആണ് കുഴഞ്ഞു മടങ്ങിയത്?
(a) തുമ്പയുടെ (b) ഉഷസ്സിന്റെ (c) മുക്കുറ്റിയുടെ (d) പുള്ളുവന്റെ
ii. കരവിരലുകൾ കുഴഞ്ഞു മടങ്ങാൻ കാരണമെന്ത്?
(a) തിരികൾ തെറുത്തത് കൊണ്ട് (b) താലം എടുത്തതുകൊണ്ട് (c) വീണ മീട്ടുന്നതുകൊണ്ട് (d) ദീപനാളം നീട്ടിയതുകൊണ്ട്

(f) " അല്ലാ ചാക്കുണ്യേട്ടൻ എങ്ങട്ടാ?"
i. ആരാണ് ഇപ്രകാരം ചോദിച്ചത്?
(a)സുകുമാരൻ (b)മത്തായി (c)വഴിയാത്രക്കാരൻ (d)ഭാര്യ
ii. മറുപടി പറഞ്ഞ ചാക്കുണ്ണിയുടെ ഭാവം എന്തായിരുന്നു?
(a)സങ്കടം (b)ആദരവ് (c)അഭിമാനം (d)ഭയം

(g) "വെള്ളായിയപ്പന് അന്ന് ആദ്യമായി അപരിചിതമായി തോന്നി"
i എന്താണ് അപരിചിതമായി തോന്നിയത്."
(a) ഊട്ട് ദൈവങ്ങളുടെ അനുഗ്രഹം (b) പട്ടകളിൽ കാറ്റിരമ്പുന്നത് (C) തീവണ്ടിയുടെ ചീറ്റലും നടുക്കവും (d) മരക്കാരുടെ കുശലാന്വേഷണം
ii. ചവിട്ടടിപ്പാതയെ കഥാകാരൻ എന്തായി സങ്കൽപ്പിച്ചിരിക്കുന്നു?
(a) ദുഃഖ സഞ്ചാരങ്ങളുടെ തഴമ്പ് (b) റിക്ഷക്കാരുടെ കളിയാക്കൽ (C) സഹയാത്രികന്റെ സംസാരം (d) മരണം കാക്കുന്ന മകന്റെ ദുഃഖം

( h) "അതിലും എനിക്കത്ര വ്യസനം ഇല്ല "
i ഈ പ്രസ്താവന ആരുടേതാണ് ?
(a) കൃപർ ( b) യുധിഷ്ഠിരൻ ( C) ദുര്യോധനൻ (d) ദ്രൗണി
ii ഏതു കാര്യത്തിലാണ് വ്യസനം ഇല്ല എന്ന് പറയുന്നത്?
(a) യുദ്ധത്തിൽ തോറ്റതിൽ ( b) അച്ഛൻ കൊല്ലപ്പെട്ടതിൽ (C ) ബ്രഹ്മ ശിരസ് ഉപയോഗിച്ചതിൽ (d) കൃഷ്ണനൻ ശപിച്ചതിൽ

(i) "നിർണയമെങ്കിലുമൊന്നിതു കേൾക്ക നീ "
i. എന്താണ് നിർണയം ആയിട്ടുള്ളത്?
( a ) ലക്ഷ്മണൻ ദേഷ്യം കൂടുതലുള്ള വ്യക്തിയാണ്( b) ലക്ഷ്മണന് ഉള്ള അത്ര വാത്സല്യം മറ്റാർക്കും ഇല്ല (C) ലക്ഷ്മണന് അസാധ്യമായി ഒരു

കർമ്മവും ഇല്ല(d) ലക്ഷ്മണന് വിദ്യാഭ്യാസം നേടേണ്ടതുണ്ട്
ii. എഴുത്തച്ഛൻ നിർവഹിച്ച ചരിത്ര ദൗത്യം എന്ത്?
(a) ശ്രീരാമകഥ പ്രചരിപ്പിക്കുക (b) വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുക (C) ക്രോധത്തിന്റെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കി കൊടുക്കുക(d) ഭക്തിയിലൂടെ ജനതയെ പരിവർത്തിപ്പിക്കുക

(j) " ഇണ്ടൽ വേണ്ട സഖി "
i എന്ത് ഓർത്ത് ഇണ്ടൽ വേണ്ട എന്നാണ് പറയുന്നത്?
(a) കണ്ട ഉടനെ തിരിച്ചറിഞ്ഞില്ലല്ലോ എന്നോർത്ത് (b) ഇത്രകാലം അന്വേഷിച്ച് നടക്കേണ്ടി വന്നല്ലോ എന്നോർത്ത് (C) തങ്ങളുടെ പ്രായം ഏറിയല്ലോ എന്നോർത്ത് (d) വാക്കുകൾ കിട്ടാതെ കരയേണ്ടി വന്നല്ലോ എന്നോർത്ത്
ii കുമാരനാശാൻ ഏതു മാസികയുടെ പത്രാധിപരായിരുന്നു ?
(a) സ്വദേശാഭിമാനി ( b) രാജ്യസമാചാരം(C) മംഗളോദയം (d) വിവേകോദയം

## SECTION -B

**5. (a) അംഗ വാക്യം - അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** (1x2=2)
i. ദ്രൗണി പുറത്തു കടന്ന് മറ്റ് ശിബിരങ്ങളിലേക്ക് പുറപ്പെട്ടു
ii. ചെമ്പു മത്തായി നിലത്തിരുന്ന് പണപ്പെട്ടിയുടെ താഴിൽ താക്കോൽ തിരിച്ചു
**(b) വാക്യത്തിലെ തെറ്റ് തിരുത്തുക.** (1x2=2)
i വേറെ വഴിയില്ലാതെ നിവൃത്തികേടുകൊണ്ട് ചാക്കുണ്ണി മത്തായിയുടെ അരികിൽ റേഡിയോ പണയം വെച്ചു.
ii. യുദ്ധശ്രാന്തനും ക്ഷീണിതനുമായ ധൃഷ്ടദ്യുമ്നൻ നറുമണം പുകച്ച അറ യിൽ സ്വൈര്യമായി കിടന്നുറങ്ങുകയാണ്.
**(c) പ്രയോഗം മാറ്റുക.** (1x2=2)
i വെള്ളായിയപ്പൻ അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന അപ്പനെ ഓർത്തു
ii അവിടെയുള്ള സ്ത്രീകളും കുട്ടികളും അയാളുടെ മരണഞരക്കത്താൽ ഉണർത്തപ്പെട്ടു
**(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വിശദമാക്കുന്ന വിധം സ്വന്തം വാക്യ ത്തിൽ പ്രയോഗിക്കുക.** (1x2=2)
i പൈശാചികം ii ജന്മസിദ്ധി iii പ്രീണിപ്പിക്കുക
**6. (a) താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** (5×1=5)
i. ലഹരിവസ്തുക്കൾക്ക് അടിമപ്പെടുന്ന യുവതലമുറ
ii. ആധുനികലോകത്തെ ഗുരുശിഷ്യബന്ധം
**(b)** നിങ്ങളുടെ വിദ്യാലയത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള നാടക പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുവാനായി ഒരു പ്രശസ്ത സാഹിത്യ കാരനെ ക്ഷണിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക (5×1=5)
**(c)** കടുവയുടെ ആക്രമണത്തിൽ പ്രദേശവാസിക്ക് ജീവൻ നഷ്ടപ്പെട്ടു എന്ന സംഭവത്തെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. (4×1=4)

**7. തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക.** (3×2=6)

(a) "നിങ്ങളെന്തേ ഈ മഹാനാശകാരിയായ സാഹസം ചെയ്യാൻ?" ആരാണ് ഇപ്രകാരം അഭിപ്രായപ്പെട്ടത്? ഇത്തരത്തിൽ മഹാനാശകാരിയായ സാഹസം എന്ന് അഭിപ്രായപ്പെടാൻ കാരണമെന്ത്?

(b) " എൻറെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരെ..... സന്ദർഭം ആശയം എന്നിവ വിശദമാക്കുക:-

(c) "വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്നും കൂട്ടനിലവിളി ഉയർന്നു." ഈ ഒരു പ്രസ്താവന കൊണ്ട് കഥാകൃത്ത് ഈ കഥയുടെ മുഴുവൻ വേദനയും വായനക്കാരന് പകർന്നു നൽകിയിരിക്കുന്നു. ഈ പ്രസ്താവനയെ വിലയിരുത്തുക.

**8.തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക.** (3×2=6)

(a) "എന്തൊരുറ്റം കുരച്ചത് ചാടി കുതിക്കുന്നു" അമ്മത്തൊട്ടിൽ എന്ന കവിതയിലെ ഈ വരികളുടെ പ്രസക്തി വളരെ വലുതാണ് . വ്യക്തമാക്കുക:-

(b) "ക്രോധം വരുത്തിവെക്കുന്ന വിനകളെക്കുറിച്ച് അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്ന കൃതിയിൽ എഴുത്തച്ഛൻ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സമകാലിക സംഭവങ്ങളുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുക :-

(c) ഓണമുറ്റത്ത് എന്ന കവിതയിൽ ഓണത്തെ സ്വീകരിക്കുവാൻ മനുഷ്യർ നടത്തുന്ന ഒരുക്കത്തെ പ്രകൃതിയുടെ ഒരുക്കവുമായി കവി എപ്രകാരം ബന്ധിപ്പിച്ച് പറഞ്ഞിരിക്കുന്നു എന്ന് വ്യക്തമാക്കുക:-

**9.തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക.** (3×2=6)

(a) തന്നോടൊപ്പം ഉള്ളവർക്ക് തനിക്ക് ലഭിക്കുന്ന അതേ പരിഗണന ലഭിക്കണമെന്ന് സ്വാമിക്ക് നിർബന്ധമായിരുന്നു. വ്യക്തമാക്കുക:-

(b) ചട്ടമ്പിസ്വാമികളെ സഞ്ചരിക്കുന്ന വിജ്ഞാനകോശമെന്ന് പറയാൻ കാര ണമെന്ത്?

3. ചട്ടമ്പിസ്വാമികളും വിവേകാനന്ദ സ്വാമികളും തമ്മിലുള്ള കൂടിക്കാഴ്ച വിശദീകരിക്കുക.